# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3824 12.12.2018 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകളിലെ പി.എസ്.സി. മുഖേനയുള്ള നിയമനം**

*ചോദ്യം*
ശ്രീ. മഞ്ഞളാംകുഴി അലി :

*ഉത്തരം*
**പിണറായി വിജയൻ**
(മുഖ്യ മന്ത്രി )

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലെ വിവിധ തസ്തികകളിൽ ഏതെല്ലാം തസ്തികകളിലാണ് പി.എസ്.സി. മുഖേന നിയമനം നടത്തിവരുന്നത്; ഏതെല്ലാം തസ്തികകളിലാണ് പി.എസ്.സി. വഴി ഇനിയും നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്തത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സർവ്വകലാശാലകളിലെ അസിസ്റ്റന്റ് , കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ അനദ്ധ്യാപക തസ്തികകളിലിലാണ് പി.എസ്.സി. മുഖേന നിയമനം നടത്തി വരുന്നത്. ഇവ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകളിൽ നിലവിൽ പി.എസ്.സി. മുഖേന നിയമനം നടത്തി വരുന്നില്ല. |
| (ബി) | സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് തീരുമാനമെടുത്തിട്ടും ബഹുഭൂരിപക്ഷം തസ്തികകളിലും ഇനിയും ഇതിന് നടപടി സ്വീകരിക്കാത്തതിന് കാരണമെന്താണ്; എല്ലാ തസ്തികകളിലും പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ